സ്റ്റോറുകൾ നടത്താനുള്ള ഭരണാനുമതി സഹകരണവകുപ്പ് നൽകിയിട്ടുണ്ട്. ആശുപത്രി ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്ക് പെയിംഗ് കൗണ്ടറുകൾ തുടങ്ങുവാൻ കഴിയുകയില്ല എന്ന് പരിശോധിച്ച് തീരുമാനിക്കുന്ന സാഹചര്യത്തിൽ ആശുപത്രികളോനുബന്ധിച്ച് നീതി സ്റ്റോർ. സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സഹകരണ സംഘങ്ങൾ എന്നിവയുടെ അപേക്ഷകൾ പരിശോധിച്ച് നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുവാനുള്ള അനുമതി നൽകാറുണ്ട്. മേൽ പ്രസ്താവിച്ച പ്രകാരം പ്രവർത്തനം നടന്നു കഴിയുമ്പോൾ സംസ്ഥാനത്തെ എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളിലും പേയിംഗ് ഫാർമസികൾ നിലവിൽ വരും.

19 (*299) റേഷൻ സബ്സിഡി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ സബ്സിഡി എടുത്തുകളയുവാനോ വെട്ടിക്കുറയ്ക്കുവാനോ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സബ്സിഡിക്ക് ക്രമീകരണം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സബ്സിഡി ലഭിക്കാൻ അർഹതയുള്ളവർ സംസ്ഥാനത്ത് ആകെയെത്ര പേരുണ്ടെന്ന് ഉള്ള കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ഡി) റേഷൻകടകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വീണ്ടും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) റേഷൻ സബ്സിഡി സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രം നൽകിയാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി) സംസ്ഥാനത്ത് റേഷൻ സബ്സിഡി എടുത്തുകളയുവാനോ വെട്ടിക്കുറയ്ക്കുവാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) റേഷൻ സാധനങ്ങളുടെ വില നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

(ഇ) റേഷൻ സബ്സിഡി സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രം നൽകിയാൽ മതിയെന്ന് സർക്കാർ തീരുമാനിച്ചിട്ടില്ല.

20 (*300) ഇൻഫർമേഷൻ ടെക്നോളജി വികസനം

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഫർമേഷൻ ടെക്നോളജി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സൂപ്പർ കമ്പ്യൂട്ടറുകൾ നിർമ്മിക്കാനും സ്വന്തം സോഫ്റ്റ് വെയർ രൂപകൽപ്പന ചെയ്യാനും ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സൂപ്പർ കമ്പ്യൂട്ടറുകളും, സോഫ്റ്റ്വെയറുകളും സ്വന്തമായി രൂപകൽപ്പന ചെയ്യാതെ സംസ്ഥാനത്ത് ഇൻഫർമേഷൻ ടെക്നോളജി വികസിപ്പിക്കാൻ കഴിയുമോ;

(സി) ഈ രംഗത്ത് ഗവേഷണം നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) സംസ്ഥാനത്തെ ഐ.ടി. വികസനം സർക്കാർ പ്രഖ്യാപിച്ച ഐ.ടി. നയത്തിന്റെ അടിസ്ഥാനത്തിലാണ് നടത്തിവരുന്നത്. ഐ.ടി. വികസനത്തിന്റെ ഗുണങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുക എന്നതാണ് മുഖ്യമായും നയലക്ഷ്യം. സൂപ്പർ കമ്പ്യൂട്ടറുകൾ വികസിപ്പിച്ചെടുക്കുന്നതിന് ലക്ഷ്യമിട്ടിട്ടില്ല. കാലാവസ്ഥാ ഗവേഷണം, ബഹിരാകാശ ഗവേഷണം തുടങ്ങിയ മേഖലകളിലെ ഉപയോഗങ്ങൾക്കാണ് സൂപ്പർ കമ്പ്യൂട്ടറുകൾ ആവശ്യമായി വരുന്നത്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഐ.ടി. വികസനം നടപ്പാക്കുന്നതിന് ഇവയുടെ നേരിട്ടുള്ള ഉപയോഗം ആവശ്യമായി വരുന്നില്ല. നയരേഖയിൽ വിഭാവനം ചെയ്തിട്ടുള്ള ഐ.ടി. സർക്കാരിൽ നടപ്പാക്കലിന്റെ ഭാഗമായി, വകുപ്പുകൾ കമ്പ്യൂട്ടർവൽക്കരിക്കുമ്പോൾ, ഓരോ വകുപ്പിനും, അവരുടെ ആവശ്യകതയ്ക്കനുസരിച്ചുള്ള സോഫ്റ്റ്വെയറുകൾ വികസിപ്പിച്ചെടുക്കുന്നതാണ്.

(സി) സംസ്ഥാനത്തും പുറത്തുമുള്ള റിസർച്ച് ആന്റ് ഡെവലപ്മെന്റ് സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കുവേണ്ടി വന്നേയ്ക്കാവുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളും വിദഗ്ദ്ധരും അടങ്ങുന്ന ഒരു 'സെന്റർ ഓഫ് എക്സലൻസ്' സ്ഥാപിക്കുന്നതിനും നയരേഖ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനനുസരണമായി ഒരു 'സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്' സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത സ്ഥാപനം പ്രവർത്തനസജ്ജമാകുന്നതോടെ, പ്രസ്തുത ഐ.ടി. വിഷയങ്ങളിൽ ഗവേഷണത്തിനായി മുന്നോട്ടുവരുന്ന സ്ഥാപനങ്ങൾക്ക് വേണ്ട സൗകര്യം ഉണ്ടാകുന്നതാണ്.

21 (*301) സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ സർക്കാർ കക്ഷിയായിട്ടുള്ള വ്യവഹാരങ്ങളുടെ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്താനും അനാവശ്യമായ കേസ്സുകൾ ഒഴിവാക്കാനും എന്തെങ്കിലും സംവിധാനം ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly